# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം:1137 — 10.08.2017-ൽ മറുപടിയ്ക്ക്

## സ്കോൾ കേരളയുടെ പ്രവർത്തനങ്ങൾ

ചോദ്യം — ഉത്തരം

ശ്രീ ടി.വി. ഇബ്രാഹീം — പ്രൊഫ: സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി)

| ചോദ്യം | ഉത്തരം |
| --- | --- |
| എ) സ്കോൾ കേരളയുടെ മലപ്പുറത്തെ മേഖലാ കേന്ദ്രത്തിലെ നിലവിലെ പ്രവർത്തനങ്ങൾ/ ചുമതലകൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ; | എ) മലപ്പുറം ജില്ലയിലെ വിദ്യാർത്ഥികളുടെ പ്ലസ് വൺ പ്രവേശനത്തിനുള്ള അപേക്ഷ സ്വീകരിക്കൽ, ഡ്യൂപ്ലിക്കേറ്റ് തിരിച്ചറിയൽ കാർഡ് , ഡ്യൂപ്ലിക്കേറ്റ് ടി.സി, കോഴ്സ് ക്യാൻസലേഷൻ തുടങ്ങിയവയുടെ അപേക്ഷ സ്വീകരിച്ച് ഓൺ ലൈൻ മുഖേന സംസ്ഥാന കേന്ദ്രത്തിൽ അയച്ച് അനുമതി വാങ്ങി ബന്ധപ്പെട്ട രേഖകൾ വിദ്യാർത്ഥികൾക്ക് മേഖല കേന്ദ്രം വഴി അന്ന് തന്നെ തിരികെ നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ, വിവിധ കോഴ്സുകളുടെ മലപ്പുറം ജില്ലയിലെ സംഘാടന ചുമതലകൾ തുടങ്ങിയ പ്രവർത്തനങ്ങൾ. |
| ബി) മലപ്പുറത്തെ മേഖലാ കേന്ദ്രം അടച്ചുപൂട്ടാൻ ഉദ്ദേശിക്കുന്നുണ്ടോ ; | ബി) നിലവിൽ പരിഗണനയിലില്ല |
| സി) ഈ വർഷത്തെ പ്ലസ് വൺ രജിസ്ട്രേഷൻ ഫോറങ്ങൾ സ്വീകരിക്കുന്നത് ഏതെല്ലാം ഓഫീസുകളിലാണ് ; മലപ്പുറം മേഖലാ കേന്ദ്രത്തിൽ ഏതെല്ലാം ജില്ലകളുടേതാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ ; | സി) വിദ്യാർത്ഥികളുടെ സൗകര്യാർത്ഥം പ്ലസ് വൺ അപേക്ഷകൾ മലബാർ മേഖല കേന്ദ്രത്തിലും,13 ജില്ലാ കേന്ദ്രങ്ങളിൽ നേരിട്ടും സംസ്ഥാന കേന്ദ്രത്തിൽ നേരിട്ടും തപാൽ മാർഗ്ഗവും സ്വീകരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് മലബാർ മേഖല കേന്ദ്രത്തിൽ മലപ്പുറം ജില്ലയിലെ അപേക്ഷകൾ സ്വീകരിക്കാനാണ് ക്രമീകരണം ഏർപ്പെടുത്തിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| ഡി) | സ്കോൾ കേരളയിൽ ഡയറക്ടർമാരെ നിയമിക്കുന്നതിന് വേണ്ടി ഇതുവരെ ചെയ്ത കാര്യങ്ങൾ വിശദമാക്കാമോ ? | ഡി) | സ്കോൾ കേരളയുടെ 8.2.2016 ൽ ചേർന്ന പ്രഥമ ജനറൽ കൗൺസിൽ യോഗം അഞ്ച് ഡയറക്ടർമാരുടേത് ഉൾപ്പെടെ അടിയന്തിര പ്രാധാന്യമുള്ള തസ്തികകൾ മാത്രം കണ്ടെത്താൻ ഒരു ഉപസമിതി രൂപികരിച്ച് ടി തസ്തികകൾ കണ്ടെത്തുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| ഇ) | മലപ്പുറം മേഖലാ കേന്ദ്രത്തിൽ കോ-ഓർഡിനേറ്റർ/ ഡയറക്ടർ നിയമനത്തിന് വേണ്ടി ചെയ്ത കാര്യങ്ങൾ വിശദമാക്കാമോ? | ഇ) | സ്കോൾ കേരള രൂപീകൃതമാകുന്നതിന് മുമ്പാണ് (കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ ആയിരുന്നപ്പോൾ) മലപ്പുറത്ത് മലബാർ മേഖല കേന്ദ്രം ആരംഭിക്കാൻ (04.11.2013)-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചത്. മലബാർ മേഖല കേന്ദ്രം ആരംഭിക്കുമ്പോൾ സംസ്ഥാന ഓഫീസിൽ അധികം വരുന്ന ജീവനക്കാരെ മേഖല കേന്ദ്രത്തിൽ പുനർ വിന്യസിച്ച് പ്രവർത്തിപ്പിക്കണമെന്നും അതിനായി പുതിയ തസ്തികയോ നിയമനമോ നടത്തേണ്ടതില്ലെന്നുള്ള നിബന്ധനയോടെയാണ് മേഖല കേന്ദ്രം ആരംഭിക്കാൻ സർക്കാർ അനുമതി നൽകിയത്. സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻഓഫീസർ

കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതുവിദ്യാഭ്യാസം - കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ - കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളിന് മലബാർ കേന്ദ്രീകരിച്ച് മലപ്പുറത്ത് റീജിയണൽ ഓഫീസ് തുടങ്ങുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (ഡി) വകുപ്പ്

സ.ഉ. (ആർ.ടി.)നം. 4668/2013/പൊ.വി. തീയതി, തിരുവനന്തപുരം, 04/11/2013

പരാമർശം:- 1) കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ ഡയറക്ടറുടെ 25/02/2012, 6/6/2012, 19/12/2012, 10/06/2013, 16/8/2013 എന്നീ തീയതികളിലെ എ 1/12351/കെ.എസ്.ഒ.എസ്/എസ്.സി.ഇ.ആർ.ടി നമ്പർ കത്തുകൾ

2) മലപ്പുറം ജില്ലാ കളക്ടറുടെ 5/6/2013 ലെ G.7/39316/2011 നമ്പർ നടപടിക്രമം

## <u>ഉത്തരവ്</u>

കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ സ്ഥാപിത വർഷം മുതൽ നാളിതുവരെ ഓപ്പൺ സ്കൂൾ മുഖേന രജിസ്റ്റർ ചെയ്ത് പഠിക്കുന്ന വിദ്യാർത്ഥികളിൽ മൂന്നിൽ രണ്ട് ഭാഗവും കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം, പാലക്കാട് എന്നീ ജില്ലകളിൽ നിന്നുള്ളവരാണെന്നും കൂടാതെ 22 ശതമാനത്തിൽ അധികം പേരും മലപ്പുറം ജില്ലയിൽനിന്ന് മാത്രമുള്ളവരുമായതിനാൽ മേൽ വിദ്യാർത്ഥികളുടെ ഓപ്പൺ സ്കൂൾ രജിസ്ട്രേഷനുമായി ഉണ്ടായേക്കാവുന്ന പ്രശ്നങ്ങൾ, ഹയർ സെക്കൻററി കോഴ്സുമായി ബന്ധപ്പെട്ട അക്കാദമിക കാര്യങ്ങൾ എന്നിവ നിർവ്വഹിച്ചുവരുന്നത് തലസ്ഥാന ജില്ലയിൽ പ്രവർത്തിച്ചുവരുന്ന ഹെഡ് ആഫീസിൽ ആണ്. ഇതു സംബന്ധിച്ച പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് വിദ്യാർത്ഥികൾ പലപ്പോഴും ഹെഡ് ആഫീസിൽ ഹാജരാവുന്ന സ്ഥിതിയാണ് നിലവിലുള്ളത്. അവർക്ക് തിരുവനന്തപുരത്തുള്ള ആസ്ഥാന ഓഫീസിൽ വന്നുപോകുന്നതിനുള്ള പ്രയാസങ്ങൾ ലഘൂകരിക്കുന്നതിന്റെ ഭാഗമായി മലബാർ കേന്ദ്രീകരിച്ച് മേഖലാ കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതനുസരിച്ച് മലപ്പുറം സിവിൽ സ്റ്റേഷനിലെ ജില്ലാ ലേബർ ഓഫീസ് പ്രവർത്തിച്ചിരുന്ന (258 ച.മീ.) കെട്ടിടം ഓപ്പൺ സ്കൂൾ റീജിയണൽ കേന്ദ്രത്തിനായി വിട്ട് നൽകുന്നതിനുള്ള 31/05/2013 ലെ സിവിൽ സ്റ്റേഷൻ എസ്റ്റേറ്റ് കമ്മിറ്റി തീരുമാനം പരാമർശം 2 ലെ നടപടിക്രമം പ്രകാരം മലപ്പുറം ജില്ലാ കളക്ടർ കെട്ടിടം അനുവദിച്ചിട്ടുണ്ടെന്ന് കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ ഡയറക്ടർ പരാമർശം 1 ലെ കത്തുകൾ പ്രകാരം റിപ്പോർട്ട് ചെയ്തിരിക്കുന്നു. ആയതിനാൽ 6 ജില്ലകൾക്കായി 2013 ജൂൺ മാസത്തിൽ തന്നെ മലപ്പുറത്ത് റീജിയണൽ ആഫീസ് ആരംഭിക്കുന്നതിനുള്ള ഉത്തരവ് ഉണ്ടാകണമെന്ന് കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ ഡയറക്ടർ ആവശ്യപ്പെട്ടു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും മലബാർ കേന്ദ്രീകരിച്ച് മലപ്പുറം സിവിൽ സ്റ്റേഷനിലെ ജില്ലാ ലേബർ ഓഫീസ് പ്രവർത്തിച്ചിരുന്ന കെട്ടിടത്തിൽ (258 ച.മീ.) കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളിന് റീജിയണൽ കേന്ദ്രം സ്ഥാപിക്കുന്നതിന് താഴെ പറയുന്ന വ്യവസ്ഥകളോടുകൂടി അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. നിലവിലുള്ള ഓപ്പൺ സ്കൂളിന്റെ Staff Strength കേരളത്തിലെ 14 ജില്ലകളിൽ നിന്നും രജിസ്റ്റർ ചെയ്ത് പഠിക്കുന്നവരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് പര്യാപ്തമായതിനാൽ ഓപ്പൺ സ്കൂളിന്റെ മലബാർ മേഖലാ കേന്ദ്രം മലപ്പുറത്തേക്ക് മാറ്റുമ്പോൾ സംസ്ഥാന ഓഫീസിൽ അധികം വരുന്ന ജീവനക്കാരെ പുനർ

വിന്യസിച്ച് മാത്രം വേണം റീജിയണൽ ഓഫീസ് പ്രവർത്തിപ്പിക്കേണ്ടത്. അതിനായി പുതിയ തസ്തികയോ നിയമനമോ നടത്തേണ്ടതില്ല.

2. സിവിൽ സ്റ്റേഷന്റെ ജില്ലാ ലേബർ ഓഫീസിൽ, ടി സെന്റർ പ്രവർത്തിക്കുന്നതിന് പി.ഡബ്ലിയു.ഡി നിശ്ചയിക്കുന്ന തുക വാടകയിനത്തിൽ സർക്കാരിന് ഒടുക്കേണ്ടതാണ്.
3. എസ്.സി.ഇ.ആർ.ടി ക്ക് സർക്കാർ അനുവദിക്കുന്ന ഗ്രാന്റ് ഓപ്പൺ സ്കൂൾ സെന്ററുകൾക്ക് മാറ്റി നൽകുവാൻ പാടില്ല. മാത്രവുമല്ല, സർക്കാർ ടി സെന്ററുകൾക്ക് തുകയൊന്നും അനുവദിക്കുന്നതുമല്ല. എസ്.സി.ഇ.ആർ.ടി ഓപ്പൺ സ്കൂളിന് നാളിതുവരെ എന്തെങ്കിലും തുക അനുവദിച്ചിട്ടുണ്ടെങ്കിൽ അത് തിരികെ സർക്കാരിലേക്ക് അടക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വി. രത്നമ്മ
ഗവണ്മെൻറ് ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ, തിരുവനന്തപുരം.
ഡയറക്ടർ, എസ്.സി.ഇ.ആർ.ടി, തിരുവനന്തപുരം.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, മലപ്പുറം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്),
കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ),
കേരളം, തിരുവനന്തപുരം.
(ഇത് ധനകാര്യവകുപ്പിന്റെ അംഗീകാരത്തോടെയാണ് പുറപ്പെടുവിക്കുന്നത്)
ധനകാര്യവകുപ്പ്
വെബ് ആന്റ് മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,
സെക്ഷൻ ഓഫീസർ

പകർപ്പ്: വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പൊ.വി.വ സ്പെഷ്യൽ സെക്രട്ടറിയുടെ പി.എക്ക്

True copy
Section officer